## ബിരുദധാരികളായ ജയിൽ വാർഡൻമാരെ വെൽഫെയർ ഓഫീസറാക്കുന്നതിനുള്ള ഉത്തരവ്

30 [5861] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിലെ ബിരുദധാരികളായ ജയിൽ വാർഡൻമാർക്ക് വെൽഫെയർ ഓഫീസറായി പ്രൊമോഷൻ നൽകുന്നതിന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) ജയിൽ വകുപ്പിലെ ബിരുദധാരികളായ വാർഡൻമാരെ വെൽഫെയർ ഓഫീസറായി പ്രൊമോഷൻ നൽകുന്നതിന് ഉത്തരവ് ഇറക്കിയിട്ടില്ല.

(ബി) ബാധകമല്ല.

## സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ നിലവാരവും പ്രവർത്തനവും

31 [5864] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ നിലവാരവും പ്രവർത്തനവും സംബന്ധിച്ച് സംസ്ഥാന സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിന്ന് വിദേശത്തേക്കും മറിച്ചും ഉള്ള യാത്രക്കാരുടെ എണ്ണത്തിന് ആനുപാതികമായി വിമാനമോ വിമാനത്താവള സൗകര്യങ്ങളോ ഇല്ലാ എന്നതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ യാത്രക്കാരുടെ ബാഹുല്യം കണക്കിലെടുത്ത് വിദേശ വിമാനക്കമ്പനികൾക്ക് സംസ്ഥാനത്തെ വിമാനത്താവളങ്ങളിലേക്ക് കൂടുതൽ സർവീസ് നടത്തുന്നതിന് അനുമതി നൽകുവാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ വികസനത്തിന് സംസ്ഥാന സർക്കാർ ഏറ്റെടുത്തു ചെയ്തുകൊടുക്കേണ്ട പ്രവർത്തികളിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly